# പരേതർക്കുവേണ്ടി - 1

പു: കർത്താവു നിങ്ങളോടുകൂടെ Thomas Kalathil/ 2016
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

ക്രിസ്തുവിന്റെ പുനരുത്ഥാനത്തോടെ
ഞങ്ങൾക്കും സൗഭാഗ്യകരമായ പുനരുത്ഥാനം ഉണ്ടാകുമെന്ന
പ്രത്യാശ നിതരാം പ്രസ്പഷ്ടമായി.
മരണം നിശ്ചയം എന്ന ചിന്തയാൽ ആകുലരാകുന്നവർക്ക്
അമർത്യതയെക്കുറിച്ചുള്ള വാഗ്ദാനം ആശ്വാസമരുളുന്നുവല്ലോ.
പിതാവേ, അങ്ങിൽ വിശ്വസിക്കുന്നവരുടെ ജീവിതത്തിന്
അവസാനമുണ്ടാകുന്നില്ല, മാറ്റം വരുന്നതേയുള്ളൂ;
ഈ ലോകജീവിതത്തിലെ ശരീരാലയം തകരുമ്പോൾ
പരലോകത്തിൽ അനശ്വരഭവനം ഞങ്ങൾക്കു ലഭിക്കുന്നുവല്ലോ.

ആകയാൽ, ദൂതന്മാർ, മുഖ്യദൂതന്മാർ, ഭദ്രാസനന്മാർ, അധീശന്മാർ
തുടങ്ങിയ എല്ലാ സ്വർഗ്ഗീയവൃന്ദങ്ങളോടുംചേർന്ന്
അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്
ഞങ്ങൾ അവിരാമം ആലപിക്കുന്നു:

# പരേതർക്കുവേണ്ടി - 2

പു: കർത്താവു നിങ്ങളോടുകൂടെ Thomas Kalathil/ 2016
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

ഞങ്ങളാരും മരിക്കാതിരിക്കുവാൻ,
ക്രിസ്തുനാഥൻതന്നെ മരിക്കുവാൻ തിരുവുള്ളമായി;
ഞങ്ങളേവരും അങ്ങേക്കുവേണ്ടി എന്നും ജീവിക്കുവാൻ
അവിടുന്നുമാത്രം മരണം കൈവരിച്ചു.

ആകയാൽ മാലാഖവൃന്ദങ്ങളോടുചേർന്ന്
അങ്ങയെ സ്തുതിച്ചുകൊണ്ട്
ഞങ്ങൾ ആഹ്ലാദപൂർവ്വം ആലപിക്കുന്നു.:

# പരേതർക്കുവേണ്ടി - 3

Thomas Kalathil/ 2016

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

ക്രിസ്തുനാഥനാണല്ലോ ലോകരക്ഷകൻ,
അവിടുന്നാണല്ലോ മനുഷ്യരുടെ ജീവൻ,
മരിച്ചവരുടെ ഉയിർപ്പ് അവിടുന്നുതന്നെ.

അവിടുന്നുവഴി, അങ്ങയുടെ തിരുസന്നിധിയിൽ
ആനന്ദത്തിലാറാടുന്ന മാലഖവൃന്ദം
മഹാപ്രതാപവാനായ അങ്ങയെ അനവരതം ആരാധിക്കുന്നു.
അവരുടെ ഗാനത്തോടു ഞങ്ങളുടെ എളിയസ്വരവും ചേരുവാൻ
അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട്,
ഞങ്ങളും താഴ്മയോടെ അപേക്ഷിക്കുന്നു:

# പരേതർക്കുവേണ്ടി - 4

പു: കർത്താവു നിങ്ങളോടുകൂടെ Thomas Kalathil/ 2016
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

അങ്ങയുടെ തിരുവുള്ളത്താലാണല്ലോ
ഞങ്ങൾ ജന്മംകൊള്ളുക;
അങ്ങയുടെ പരിപാലനത്താലാണല്ലോ
ഞങ്ങൾ നയിക്കപ്പെടുക;
അങ്ങയുടെ കാരുണ്യവായ്പാലാണല്ലോ
മണ്ണും പൊടിയുമായ ഞങ്ങൾക്കു പാപമോചനം ലഭിക്കുക.
അങ്ങയുടെ ദിവ്യസുതന്റെ മരണത്താൽ വീണ്ടെടുക്കപ്പെട്ട ഞങ്ങൾ
അങ്ങയുടെ തിരുവിഷ്ടത്താലാണല്ലോ
അവിടുത്തെ ഉയിർപ്പിന്റെ മഹിമയിലേയ്ക്കു നയിക്കപ്പെടുക.

ആകയാൽ മാലാഖമാരോടും സകലവിശുദ്ധരോടും ചേർന്ന്,
അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്,
ഞങ്ങൾ ഏകസ്വരത്തിൽ ആലപിക്കുന്നു:

# പരേതർക്കുവേണ്ടി - 5

പു: കർത്താവു നിങ്ങളോടുകൂടെ

Thomas Kalathil/ 2016

ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

പാപംമൂലം
മരണത്തിന്റെ പിടിയിലമർന്ന ഞങ്ങൾ അർഹിക്കുന്നതു
നിത്യനാശം മാത്രമാണെങ്കിലും,
ക്രിസ്തുവിന്റെ വിജയത്താൽവീണ്ടെടുക്കപ്പെട്ട്,
അവിടുത്തോടൊന്നിച്ചു
നിത്യജീവിതമനുഭവിക്കുവാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നത്,
അങ്ങയുടെ കൃപയും വാത്സല്യവും കൊണ്ടാണല്ലോ.

സ്വർഗ്ഗസ്ഥരായ ശക്തികന്മാരോടു ചേർന്ന്,
മഹാപ്രതാപവാനായ അങ്ങയെ സ്തുതിച്ചുകൊണ്ട്,
ഞങ്ങളും അവിരാമം ആലപിക്കുന്നു: